സുബൈർ കുന്ദമംഗലം

# ഇസ്‌ലാമിൽ സന്യാസമില്ല

عَنْ أَنَسَ بْنَ مَالِكٍ رضى الله عنه يَقُولُ: جَاءَ ثَلاَثَةُ رَهْطٍ إِلَى بُيُوتِ أَزْوَاجِ النَّبِيِّ صلى الله عليه وسلم يَسْأَلُونَ عَنْ عِبَادَةِ النَّبِيِّ صلى الله عليه وسلم فَلَمَّا أُخْبِرُوا كَأَنَّهُمْ تَقَالُّوهَا، فَقَالُوا: وَأَيْنَ نَحْنُ مِنَ النَّبِيِّ صلى الله عليه وسلم ؟ قَدْ غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ وَمَا تَأَخَّرَ ، فَقَالَ أَحَدُهُمْ: أَمَّا أَنَا فَأُصَلِّي اللَّيْلَ أَبَدًا. وَقَالَ آخَرُ أَنَا أَصُومُ الدَّهْرَ وَلاَ أُفْطِر وَقَالَ آخَرُ: أَنَا أَعْتَزِلُ النِّسَاءَ فَلاَ أَتَزَوَّجُ أَبَدًا. فَجَاءَ إِلَيْهِمْ رَسُولُ اللَّهِ صلى الله عليه وسلم فَقَالَ : أَنْتُمُ الَّذِينَ قُلْتُمْ كَذَا وَكَذَا؟ أَمَا وَاللَّهِ إِنِّي لأَخْشَاكُمْ لِلَّهِ وَأَتْقَاكُمْ لَهُ، لَكِنِّي أَصُومُ وَأُفْطِرُ، وَأُصَلِّي وَأَرْقُدُ وَأَتَزَوَّجُ النِّسَاءَ، فَمَنْ رَغِبَ عَنْ سُنَّتِي فَلَيْسَ مِنِّي (رواه البخاري)

**അനസുബ്നു മാലികി(റ)ൽനിന്ന്: മൂന്ന് പേരടങ്ങുന്ന സംഘം നബി(സ)യുടെ ഇബാദത്തുകളെ പറ്റി അന്വേഷിച്ചുകൊണ്ട് അവിടുത്തെ പത്നിമാരുടെ വീടുകളിലെത്തി. വിവരമറിഞ്ഞ അവർക്ക് തങ്ങളുടെ അനുഷ്ഠാനങ്ങൾ കുറഞ്ഞുപോയതായി തോന്നി. അവർ പരസ്പരം പറഞ്ഞു: 'നമ്മളും പ്രവാചകനും എവിടെ! അദ്ദേഹത്തിന്റെ കഴിഞ്ഞതും വരാനിരിക്കുന്നതുമായ പാപങ്ങളഖിലവും പൊറുക്കപ്പെട്ടിരിക്കുകയാണല്ലോ.' അവരിൽ ഒരാൾ: 'ഞാനിനി രാത്രി മുഴുവൻ നമസ്കരിച്ചുകൊണ്ടിരിക്കും.' മറ്റെയാൾ: 'ഞാൻ വർഷം മുഴുക്കെ വ്രതമനുഷ്ഠിക്കും.' അടുത്തയാൾ: 'ഞാൻ സ്ത്രീകളിൽനിന്ന് അകന്നുനിൽക്കും. ഒരിക്കലും വിവാഹം ചെയ്യില്ല.' തിരുനബി(സ) അവരുടെ അടുത്തേക്ക് വന്ന് ചോദിച്ചു: 'ഇങ്ങനെയൊക്കെ സംസാരിച്ചത് നിങ്ങളാണോ? അല്ലാഹുവാണ, ഞാൻ നിങ്ങളേക്കാൾ അല്ലാഹുവെ ഭയപ്പെടുന്നവനാണ്. അവനെ സൂക്ഷിക്കുകയും ചെയ്യുന്നു. അതോടൊപ്പം, ഞാൻ നോമ്പെടുക്കുകയും നോമ്പൊഴിവാക്കുകയും ചെയ്യുന്നു. നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യുന്നു. സ്ത്രീകളെ വിവാഹം ചെയ്യുന്നു. എന്റെ ചര്യ ഒഴിവാക്കുന്നവൻ എന്റെ കൂട്ടത്തിൽ പെട്ടവനല്ല' (ബുഖാരി).**

ഭക്തിയുടെ മറവിൽ ഐഹിക വിരക്തിയിൽ അഭിരമിക്കുന്നതും ജീവിതത്തിൽനിന്ന് പുറംതിരിഞ്ഞു നടക്കുന്നതും ഇസ്‌ലാം അംഗീകരിക്കുന്നില്ല. അല്ലാഹു കനിഞ്ഞരുളിയ ജീവിത സൗഭാഗ്യങ്ങൾ വിലക്കുന്നതും കുടുസ്സായ ജീവിത പാത തെരഞ്ഞെടുക്കുന്നതും ഭക്തിയല്ല. പ്രത്യുത, അനുഗ്രഹങ്ങളോടുള്ള നന്ദികേടാണ്. ദൈവം അടിമകൾക്ക് സമ്മാനിച്ച അനുഗ്രഹങ്ങളും അലങ്കാരങ്ങളും മോടികളും വിലക്കുന്ന പൗരോഹിത്യത്തെ ചോദ്യം ചെയ്യുന്ന ദർശനത്തിന്റെ പേരാണ് ഇസ്‌ലാം. പാരത്രിക ജീവിതത്തിന് പ്രാമുഖ്യം കൽപിക്കുന്ന ഇസ്‌ലാം ഐഹിക ജീവിതം ഒട്ടും അവഗണിച്ചിട്ടുമില്ല. ഐഹിക വിരക്തിയും ജീവിത സുഖങ്ങളിൽനിന്നുള്ള തിരിഞ്ഞുനടത്തവും പ്രകൃതിമതമായ ഇസ്‌ലാമിനെ മനസ്സിലാക്കുന്നതിൽ സംഭവിച്ച ഭീമാബദ്ധത്തിന്റെ ഫലമാണ്. ദൈവം അനുവദനീയമാക്കിയത് നിഷിദ്ധമാക്കിയ ക്രൈസ്തവ സഭകളുമായി ഇസ്‌ലാമിനെ താരതമ്യപ്പെടുത്തരുത്. ശരീര പീഡകളാവരുത് ആരാധനകളുടെ അന്തസ്സത്ത.

മനുഷ്യൻ ശാന്തനിർഭരമായ പാതിരാവുകളിൽ ഉറക്കമൊഴിഞ്ഞ് നമസ്കാരത്തിൽ മുഴുകുന്നത് അല്ലാഹുവിന് ഏറെ ഇഷ്ടമുള്ള കാര്യമാണ്. പക്ഷേ, സ്വശരീരത്തെ അപകടപ്പെടുത്തുംവിധം, നിദ്രാഭംഗം വരുത്തിക്കൊണ്ടുള്ള ആരാധനകൾ അല്ലാഹു ആഗ്രഹിക്കുന്നില്ല.

സ്വശരീരത്തിനും മനസ്സിനും ചില അവകാശങ്ങളുണ്ടെന്നും അവ അനുവദിച്ചുകൊടുക്കണമെന്നും ഇസ്‌ലാം ആവശ്യപ്പെടുന്നു. അരമനകളിലും മഠങ്ങളിലും മലമുകളിലും ഒളിച്ചിരുന്ന് ജപമന്ത്രങ്ങളിൽ മുഴുകി ഭജന നടത്തുന്നതിന്റെ പേരല്ല ഭക്തി. ആൾക്കൂട്ടത്തിൽ ഒരുവനായി, അവരുമായി ജീവിതം പങ്കുവെക്കുമ്പോഴേ ഇസ്‌ലാമിലെ ഭക്തിക്ക് പൂർണത കൈവരികയുള്ളൂ.

മുഹമ്മദ് നബി(സ) വളർത്തിയെടുത്ത സമൂഹം നന്മേഛുക്കളുടെ കൂട്ടമായിരുന്നു. അവർ സൽക്കർമങ്ങളിൽ മുന്നേറി. പരലോക വിജയത്തിനു വേണ്ടി മത്സരിച്ചു. ഐഹിക ജീവിതം അവരുടെ ലക്ഷ്യമായിരുന്നില്ല; പ്രത്യുത, സ്വർഗമെന്ന അത്യുന്നത ലക്ഷ്യത്തിലേക്കുള്ള നടപ്പാത മാത്രം. പ്രവാചകനാകട്ടെ, അവരുടെ ജീവിത മാതൃകയും. അതുകൊണ്ടാണവർ പ്രവാചകന്റെ ജീവിതത്തെക്കുറിച്ചും ഇബാദത്തുകളെക്കുറിച്ചും നേരിട്ടറിയാൻ വിശ്വാസികളുടെ മാതാക്കളെ സമീപിച്ചത്. നബി(സ)യുടെ രാത്രി നമസ്കാരത്തിന്റെ ദൈർഘ്യവും ഇതര ഇബാദത്തുകളുടെ സൗന്ദര്യവും സൂക്ഷ്മമായി അറിഞ്ഞപ്പോൾ അവർ സ്തബ്ധരായി.

അവരിലൊരാൾ രാത്രി മുഴുവൻ നമസ്കാരത്തിൽ കഴിഞ്ഞ് ദൈവപ്രീതി കരസ്ഥമാക്കണമെന്ന് തീരുമാനിക്കുന്നു. ലോകം സുഖ സുഷുപ്തിയിൽ മുഴുകുമ്പോൾ രാവിന്റെ ഇരുളിൽ എഴുന്നേറ്റ് സ്രഷ്ടാവുമായി മധുര സംഭാഷണത്തിലേർപ്പെടുക. അതേക്കാൾ പുണ്യകരമായി മറ്റെന്തുണ്ട്! മറ്റൊരാൾ ശിഷ്ടകാലം മുഴുൻ വ്രതാനുഷ്ഠാനവുമായി കഴിയാനാണ് തീരുമാനിച്ചത്. മനസ്സംസ്കരണത്തിനും ഹൃദയ വിശുദ്ധിക്കും വ്രതത്തേക്കാൾ ഉത്തമമായ മറ്റൊരു മാർഗമില്ല. ആത്മീയോൽക്കർഷത്തിന് മൂന്നാമൻ തെരഞ്ഞെടുത്തത് ബ്രഹ്മചര്യയാണ്. വിവാഹവും കുടുംബജീവിതവും അതിനോടനുബന്ധിച്ച പൊല്ലാപ്പുകളും മനുഷ്യനെ ആത്മീയതയിൽനിന്ന് അകറ്റുമെന്ന കാഴ്ചപ്പാടാണ് അയാൾക്ക്. മനുഷ്യപ്രകൃതിയോട് ഒട്ടും ഇണങ്ങാത്ത മൂന്ന് ചിന്താഗതികളെയും നബി തിരുത്തുന്നു. ആത്മീയതയെന്നത് ശാരീരിക പീഡയല്ലെന്നും ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ലെന്നും അനുയായികളെ പഠിപ്പിക്കുന്നു. തന്റെ ജീവിതത്തെ അതിന് തെളിവായി ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. പരിധിവിട്ട ഉന്മാദത്തിന്റെ തലത്തിലേക്ക് ഭക്തിയെ കൊണ്ടുപോകരുത്. തീവ്രതയും പാടില്ല, ആലസ്യവും പാടില്ല. അതിന് മധ്യേയുള്ള സന്തുലിത നിലപാടാണ് ഇസ്‌ലാമിന്റേതെന്ന് അടിവരയിടുകയാണ് ഈ പ്രവാചകവചനം. ●